# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4821 22.03.2018-ൽ മറുപടിക്ക്**

## അരൂർ മണ്ഡലത്തിലെ മാട്ടേൽ തുരുത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം

| | ചോദ്യം<br>ശ്രീ. എ.എം. ആരിഫ് : | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | അരൂർ മണ്ഡലത്തിലെ ചേന്നം പള്ളിപ്പുറം പഞ്ചായത്തിലെ മാട്ടേൽ തുരുത്തിലേക്ക് സമ്പൂർണ്ണ വൈദ്യുതീകരണത്തിൽ ഉൾപ്പെടുത്തി ഗാർഹിക കണക്ഷൻ നൽകുന്നതിലേക്ക് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ; | (എ)<br>(ബി)<br>(സി)<br>&<br>(ഡി) | സമ്പൂർണ്ണ വൈദ്യുതീകരണം പദ്ധതിക്ക് ആലപ്പുഴ ജില്ലയിലെ അരൂർ നിയോജക മണ്ഡലത്തിൽ 74.7 ലക്ഷം രൂപയുടെ പദ്ധതിക്കാണ് അനുമതി നൽകിയിരുന്നത്. ഇതിൽ 33.92 ലക്ഷം രൂപ ശ്രീ. എം.എം. ആരീഫ്, എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ നിന്നുമായിരുന്നു. അരൂർ നിയോജക മണ്ഡലത്തിലെ മാട്ടേൽ തുരുത്തിലേക്ക് വൈദ്യുതിയില്ലാത്ത 10 നിർധന കുടുംബങ്ങൾക്ക് വൈദ്യുതി എത്തിക്കാനുള്ള പ്രവൃത്തി മാത്രമാണ് ഈ പദ്ധതിയിൽ പൂർത്തീകരിക്കാനുള്ളത്. വേമ്പനാട്ട് കായലിനു കുറുകെ വലിയ ടവറുകൾ സ്ഥാപിച്ച് വേണം മാട്ടേൽ തുരുത്തിൽ വൈദ്യുതി എത്തിക്കേണ്ടത്. കായലിനു കുറുകെ വൈദ്യുതി ലൈൻ സ്ഥാപിക്കുന്നതിന് ഇൻലാന്റ് വാട്ടർ വേയ്സ് ഓഫ് ഇന്ത്യയുടെ അനുമതി ആവശ്യമാണ്. പ്രസ്തുത അനുമതി ഇപ്പോൾ ലഭ്യമാക്കിയിട്ടുണ്ട്. വേമ്പനാട്ട് കായലിനു കുറുകെ ലൈൻ നിർമ്മിക്കുന്നതിന് 23 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി അതിൽ 34% അധിക തുക രേഖപ്പെടുത്തിയത് പ്രകാരം പ്രസ്തുത തുകയ്ക്ക് ബോർഡ് വർക്ക് ഓർഡർ നൽകുകയും ചെയ്തു. എന്നാൽ സ്ഥലം ഉടമകളുടെ തർക്കത്തെ തുടർന്ന് എസ്റ്റിമേറ്റിൽ ചില മാറ്റങ്ങൾ വരുത്തേണ്ടതായി വന്നു. ടവർ സ്ഥാപിക്കുന്നതിനുള്ള സ്ഥലം ലഭ്യമാക്കി അധികമായി വേണ്ടി വന്ന ജോലികൾ ഉൾപ്പെടെ നിലവിലെ കരാറുകാരനെകൊണ്ട് തന്നെ ചെയ്യിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ആവശ്യത്തിലേയ്ക്ക് ടവർ സ്ഥാപിക്കുന്നതിന് സൗജന്യമായി സ്ഥലം ലഭ്യമായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ; | | |
| (സി) | പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് ഫണ്ട് ലഭ്യമാക്കിയിട്ടുണ്ടോ എന്ന് വിശദമാക്കാമോ | | |
| (ഡി) | പ്രസ്തുത പ്രവൃത്തി എന്ന് ആരംഭിക്കുമെന്ന് വിശദമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ